DESPATCHED
08/06/2020
17.3.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.2634*(2)/2015*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.18188/*എസ്.ഐ.സി-ജി 6/15*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ശരത്ചന്ദ്രൻ.ആർ**
**ചിദംബരം വിളാകം**
**മുള്ളുവിള,കഴക്കൂട്ടം പി.ഒ**
**പിൻ–695582** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **തിരുവനന്തപുരം കോർപ്പറേഷൻ**
   **സോണൽ ഓഫീസ്, ആറ്റിപ്ര**
2. **അപ്പീൽ അധികാരി,**
   **ഹെൽത്ത് ഓഫീസർ ഗ്രേഡ്–1**
   **തിരുവനന്തപുരം കോർപ്പറേഷൻ**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.08.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.09.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.09.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 28.10.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.11.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28.11.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09.12.2015,15.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28.12.2015,14.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.11.2019 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 05.08.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ഹെൽത്ത് ഇൻസ്പെക്ടർ മുമ്പാകെ സമർപ്പിച്ച പരാതി പ്രകാരം ലഭിച്ച മറുപടിയിൽ ടിയാൻ സൂചിപ്പിച്ച വഴി തർക്കവസ്തുവായി കിടക്കുന്നതിനാൽ നഗരസഭയിൽ നിന്നും വൃത്തിയാക്കുവാൻ നിരവ്വാഹ മില്ലെന്നാണ് അറിയിച്ചതെന്നും ആയതിനാൽ ഇനം 1 ൽ ടി വഴി ആറ്റിപ്ര സോണൽ ഹെൽത്ത് ഇൻസ്പെക്ടർ നേരിട്ട് സ്ഥല പരിശോധന നടത്തിയി രുന്നോ എന്നും ആയതിന്റെ തിയതിയും റിപ്പോർട്ടിന്റെ കോപ്പിയും വേണ മെന്നും ഇനം 2 ൽ പ്രസ്തുത വഴി തർക്കവസ്തുവായി കിടക്കുന്നുവെന്ന് സോണൽ ഹെൽത്ത് ഇൻസ്പെക്ടർ തീരുമാനത്തിലെത്തിയത് എന്ത് അടിസ്ഥാ നത്തിലാണ് എന്ന് തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 03.09.2015 ന് മറുപടി നൽകുകയും ആയതിൽ തൃപ്തനാകാതെ ഹർജിക്കാരൻ 25.09.2015 ന് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ 2,3,4,5 എന്നീ മറുപടികളിൽ തൃപ്തനല്ലെന്ന് ബോധിപ്പിക്കുകയും 28.10.2015 ന് അപ്പീൽ അധികാരി നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ കൂടുതലായി ഒന്നും നൽകാനില്ലെന്നും, എന്നിരുന്നാലും അപ്പീൽ പരിഗണിച്ച് ബന്ധപ്പെട്ട നഗരസഭ ഹെൽത്ത് സൂപ്പർവൈസറും ഹെൽത്ത് ഇൻസ്പെക്ടറും സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും, ടി റിപ്പോർട്ടിൽ ബന്ധപ്പെട്ട തർക്കഭൂമി സ്വകാര്യഉടമസ്ഥതയിലുള്ളതാണോ സർക്കാർവക പുറമ്പോക്ക് ഭൂമിയാണോ എന്നത് സംബന്ധിച്ച് വ്യക്തതയില്ലാത്ത തിനാൽ ആയത് പരിശോധിച്ച് വ്യക്തത ഉറപ്പു വരുത്തുന്നതിന് വില്ലേജ് ഓഫീ സുമായി ബന്ധപ്പെട്ട് ഉചിത നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നാണ്.
4. 14.11.2019 തീയതി ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വസ്തുവിലേയ്ക്കുള്ള വഴി ഗതാഗ തയോഗ്യമല്ലാതെ കാടു പിടിച്ച് കിടന്നതിനാൽ ടി വഴി വൃത്തിയാക്കുന്നതിന്

ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നഗരസഭ ജീവനക്കാർ ശ്രമിച്ചുവെങ്കിലും അയൽക്കാർ തടസ്സപ്പെടുത്തുകയും വഴി തർക്കവസ്തുവാണെന്നും കേസ് നടക്കുന്നതാണെന്നും അവകാശപ്പെട്ടതിനെത്തുടർന്ന് ഉടമസ്ഥരുടെ പേരുവിവരം അറിയിക്കുന്നതിന് ആറ്റിപ്ര വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കോടതി വ്യവഹാരം ഉള്ളതായി അയൽക്കാർ അറിയിച്ചതിനെത്തുടർന്ന് പരാതിക്കാരനെ നേരിൽ കണ്ടപ്പോൾ ടി വഴിയെ സംബന്ധിച്ച് വില്ലേജ് ഓഫീസിൽ നിന്നും BTR രേഖയുടെ പകർപ്പ് ഹാജരാക്കിയതിൽ സർക്കാർ പുറമ്പോക്ക് വഴിയായി രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ടി വഴി ഇപ്പോഴും കാടു പിടിച്ച് കിടക്കുകയാണെന്നും ബോധിപ്പിച്ചു.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വഴിയെ സംബന്ധിച്ചുള്ള ശരിയായ വിവരം വില്ലേജ് ഓഫീസർ നൽകിയതായി എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ടി വിവരം ഹർജിക്കാരനെ അറിയിച്ചതായി കാണുന്നതിനാലും ടി പരാതി ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്ന് കണ്ട് ടി അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res

RIGHT TO INFORMATION